LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, നാടിനുവേണ്ടി വളരെയധികം ത്യാഗം സഹിച്ച് പൊതുരംഗത്ത് പ്രവർത്തിച്ചിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പല പ്രതിനിധികളും വാർദ്ധക്യകാലത്ത് പലവിധ രോഗങ്ങൾ ബാധിച്ച് മരുന്നുവാങ്ങാൻപോലും സാമ്പത്തികശേഷി യില്ലാതെ കഷ്ടപ്പെടുന്നതിനാൽ ഇവർക്ക് പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ കാര്യം പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പ്രതിമാസം 500 രൂപയെങ്കിലും പെൻഷൻ അനുവദിക്കുന്നതിന് പ്രതിവർഷം ഏഴ് ലക്ഷത്തി എൺപത്തിയെണ്ണായിരം രൂപ വേണ്ടിവരും. വിഭവ ലഭ്യതയുടെ പരിമിതി കാരണം ഇത്രയും വലിയൊരു തുക കണ്ടെത്താൻ സർക്കാരിന് കഴിയില്ല. പഞ്ചായത്തുകളുടെ തനതു ഫണ്ടിൽനിന്നും ഈ ചെലവ് വഹിക്കണമെന്നുള്ള നിർദ്ദേശമാണ് വന്നിട്ടുള്ളത്. ഈ നിർദ്ദേശം ഇപ്പോൾ ക്യാബിനറ്റിന്റെ മുന്നിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഈ അവസരത്തിൽ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. അതുപോലെ ഇൻഷ്വറൻസിന്റെ പ്രീമിയം തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനമായിട്ടുണ്ട്. അത് ഉടനെ ലഭ്യമാക്കി ഇൻഷ്വറൻസ് കമ്പനികളിലേക്ക് അടയ്ക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകുന്നതാണെന്ന് അറിയിക്കുന്നു.

2. ഡോക്ടർമാരുടെ സേവനം ഉച്ചയ്ക്കശേഷവും ഉറപ്പാക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കേരളമാകമാനം പനി ബാധിച്ച് ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന കണക്കുകളാണ് കഴിഞ്ഞ ആഴ്ചവരെ ലഭിച്ചിട്ടുള്ളത്. നമ്മുടെ താലൂക്കാശുപത്രി കളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഉച്ചയ്ക്ക് ശേഷമെത്തുന്ന അവശരായ രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ഫലപ്രദമായി ലഭിക്കുന്നില്ല. പലപ്പോഴും ഇത് സംഘർഷത്തിന് കാരണമാകുന്നു. ആശുപത്രികളിൽ ഈ സമയത്ത് കാൾഡ്യൂട്ടി ഡോക്ടർമാരെ നിശ്ചയിക്കാറുണ്ടെങ്കിലും കിടപ്പുരോഗികളെ മാത്രമെ ഇവർ പരിശോധിക്കാറുള്ളൂ. ധാരാളം പരാതികൾ ഇതുസംബന്ധിച്ച് ഉണ്ടാകാറുണ്ട്. എച്ച്.എം.സി. മീറ്റിംഗുകളിൽ ഇതുസംബന്ധിച്ച് വളരെ സജീവമായി ചർച്ച ചെയ്യാറുണ്ടെങ്കിലും ഇതുവരേയും തീരുമാനമുണ്ടായിട്ടില്ല. ജനപ്രതിനിധികൾ ഇതു സംബന്ധിച്ച് ധാരാളം പരാതികൾ കേൾക്കേണ്ടതായി വരുന്നുണ്ട്. എന്റെ മണ്ഡലത്തിൽ

താമരശ്ശേരി താലൂക്കാശുപത്രിയും നരിക്കുനി, കൊടുവള്ളി സി.എച്ച്.സി-കളുമുണ്ട്. ഇവിടെയൊന്നും കാഷ്വാലിറ്റി സൗകര്യമില്ല. എൻ.ആർ.എച്ച്.എം.-ഡോക്ടർമാരെ വച്ച് താമരശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സൗകര്യം തുടങ്ങിയിരുന്നുവെങ്കിലും ഈ ഡോക്ടർമാർ ഹയർസ്റ്റഡീസിന് പോയതുകാരണം തുടർന്ന് പ്രവർത്തിച്ചില്ല. ഉച്ച കഴിഞ്ഞ് ഡോക്ടർമാരുടെ സേവനം എല്ലാവർക്കും ലഭ്യമാകുന്നവിധം നിലവിലുള്ള ഡോക്ടർമാരെ ഉപയോഗപ്പെടുത്തി സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. നിലവിലുള്ള ഡോക്ടർമാരിൽ നിന്നും ഒരാളെ ഉച്ചയ്ക്കുശേഷം ഡ്യൂട്ടി നിർവ്വഹിക്കാൻ നിർദ്ദേശം നൽകുകയും അതോടൊപ്പം ഇത്തരം ഡോക്ടർമാരെ പകൽ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുകയും വേണം. ഈ സബ്മിഷൻ പരിഗണിച്ചുകൊണ്ട് ഇതിനൊരു ക്രമീകരണമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, നിലവിൽ താലൂക്കാശുപത്രി മുതലാണ് കാഷ്വാലിറ്റി സൗകര്യം അനുവദിച്ചിട്ടുള്ളത്. എന്നാൽ എല്ലാ താലൂക്ക് ആശുപത്രികളിലും ഈ സൗകര്യം നിലവിലില്ല. 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 31 താലൂക്കാശുപത്രികളിൽ കാഷ്വാലിറ്റി സൗകര്യം ഒരുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുകൂലമല്ലാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാലും ഈ 31 താലൂക്കാശുപത്രികളിലും കാഷ്വാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കാഷ്വാലിറ്റി വിഭാഗം അനുവദിച്ചിട്ടില്ല. ആയതിനാൽ ഉച്ചയ്ക്കുശേഷം ഒ. പി. വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം സ്ഥിരമായി ലഭ്യമാക്കാൻ കഴിയുകയില്ല. എന്നാൽ പകർച്ചപ്പനി മുതലായ അടിയന്തര സേവനം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഉച്ചയ്ക്കുശേഷവും ഒ.പി.യിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തിവരുന്നുണ്ട്. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ഐ.പി. വിഭാഗത്തിൽ മാത്രമെ ലഭ്യമാക്കുവാൻ നിലവിൽ വ്യവസ്ഥയുള്ളൂ. ഓൺകാൾ ഡ്യൂട്ടി അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സേവനം നിലവിൽ നൽകി വരുന്നുണ്ട്. മഴക്കാലമായതോടെ പല ജില്ലകളിലും വിവിധതരം പനികളും പകർച്ച വ്യാധികളും റിപ്പോർട്ട് ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. .....(ബഹളം).....രോഗികൾക്ക് സേവനം നൽകുവാനായി ഓഫീസ് സമയം ദീർഘിപ്പിക്കുവാനും ആവശ്യമായുള്ള സ്ഥലങ്ങളിൽ ഉച്ചകഴിഞ്ഞുള്ള ഒ.പി, ഈവനിംഗ് ഒ.പി, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly